"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ-തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിഭാഗത്തിൽ നിന്നും ഓവർസിയർ തസ്തികയിൽ വിരമിച്ച ശ്രീ.ജയചന്ദ്ര ബാബു.പി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽചെയ്ത OA(EKM)1447/2024 മേലുള്ള വിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.484/2025/LSGD തീയതി,തിരുവനന്തപുരം, 15-02-2025

---

പരാമർശം:-
1. സ.ഉ(അച്ചടി) നം. 228/2001/ധന തീയതി 02/02/2001
2. ശ്രീ. ജയചന്ദ്ര ബാബു പി 18.10.2024 ൽ സമർപ്പിച്ച അപേക്ഷ
3. OA(EKM)1447/2024 ലെ 7.11.2024 തീയതിയിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ്

**ഉത്തരവ്**

തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിഭാഗത്തിൽ നിന്നും ഓവർസിയർ തസ്തികയിൽ 31.05.2023-ൽ വിരമിച്ചിട്ടുള്ള ശ്രീ.ജയചന്ദ്ര ബാബു.പി., തൃശ്ശൂർ കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പായി 25.02.2003 മുതൽ 15.02.2006 വരെ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ICDS-ൽ പൂർണ്ണായി സേവനമനുഷ്ഠിച്ചിരുന്നതിനാൽ ടിയാന്റെ വിരമിക്കൽ ആനുകൂല്യം/ പെൻഷൻ എന്നിവ കണക്കാക്കുന്നതിന് പ്രസ്തുത കാലയളവ് കൂടി പരിഗണിയ്ക്കണമെന്ന് ആവശ്യപ്പെട്ട് OA(EKM)1447/2024 കേസ് ഫയൽ ചെയ്തിരുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, പരാമർശം (2) പ്രകാരം അപേക്ഷകൻ സമർപ്പിച്ച അനക്ഷർ A 3 അപേക്ഷ പരിഗണിച്ചുകൊണ്ട് 2 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

ജയചന്ദ്രബാബുവിന്റെ സേവന പുസ്തകം പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ വ്യക്തമായിട്ടുണ്ട്.

1. ശ്രീ.ജയചന്ദ്ര ബാബു.പി. 25.02.2003 മുതൽ 15.02.2006 വരെ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ICDS- ൽ പൂർണ്ണായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവ് റഗുലർ സർവ്വീസ് ആണ്. ടിയാൻ 25.02.2003 ൽ PSC സെലക്ഷൻ മുഖാന്തിരം പൂർണ്ണ തസ്തികയിൽ സാമൂഹ്യ നീതി വകുപ്പിന് കീഴിൽ ICDS ൽ ജോലിയിൽ പ്രവേശിക്കുകയും 25.02.2024 -ൽ പ്രസ്തുത തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിക്കുകയും ചെയ്തിരുന്നു.
2. 15.02.2006- അപരാഹ്നത്തിൽ തൃശ്ശൂർ കോർപറേഷൻ ഇലക്ട്രിസിറ്റി വിംഗിൽ മസ്ദൂർ ( ഇലക്ട്രിസിറ്റി വർക്കർ) തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി ICDS ൽ നിന്നും റിലീവ് ചെയ്തു.
3. 16.02.2006 പൂർവ്വാഹ്നത്തിൽ joining time-നുള്ളിൽ തന്നെ ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ മുൻസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ചിക്കുകയും, 15.08.2006 പ്രാബല്യത്തിൽ ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ ആറ് മാസം സേവനം പൂർത്തിയാക്കിയതിനെത്തുടർന്ന് 11.10.2006 ലെ E2(2)662/06 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ. ജയചന്ദ്ര ബാബു.പി. തൃശ്ശൂർ കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പായി 25.02.2003 മുതൽ 15.02.2006 വരെ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ICDS-ൽ പൂർണ്ണായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവ് കെ. എസ്. ആർ ഭാഗം IIIചട്ടം 20 ന്റെ അടിസ്ഥാനത്തിൽ മുൻസിപ്പൽ കോമൺ സർവ്വീസിനൊപ്പം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM)1447/2024 -ന്മേലുള്ള ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1.അഡ്വക്കേറ്റ് ജനറൽ , എറണാകുളം (ആമുഖ കത്ത് മുഖേന)

2.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം ( സർവ്വീസ് ബുക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു)

3.അസിസ്റ്റന്റ് സെക്രട്ടറി, ഇലക്ട്രിസിറ്റി വിഭാഗം , തൃശ്ശൂർ കോർപ്പറേഷൻ

4.ശ്രീ ജയചന്ദ്ര ബാബു പി ഓവർസിയർ (റിട്ട),ഇലക്ട്രിസിറ്റി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ (അസിസ്റ്റന്റ് സെക്രട്ടറി, ഇലക്ട്രിസിറ്റി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ മുഖാന്തിരം)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തൃശ്ശൂർ

6.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

7.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

8.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം EWB3/228/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by Keerthi I P
Date: 16-02-2025 19:42:47
സെക്ഷൻ ഓഫീസർ